# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 30/05/ 2020

## കൊവിഡ് മാർഗ നിർദേശങ്ങൾ ലംഘിച്ച് തുറന്ന് പ്രവർത്തിച്ച 9 വ്യാപാര സ്ഥാപനങ്ങൾക്കെതിരെ പോലീസ് നടപടി

കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ നിബന്ധനകൾ ലംഘിച്ച് വ്യാപാര സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ചതിന് 9 കടയുടമകൾക്കെതിരെ പോലീസ് നടപടി സ്വീകരിച്ചു.വ്യാപാര സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നവർ കർശനമായും ശുചീകരണ സംവിധാനങ്ങൾ ഒരുക്കേണ്ടതും സാമൂഹ്യ അകലം പാലിച്ച് മാത്രം സ്ഥാപനങ്ങളിലേക്ക് ആളുകളെ പ്രവേശിപ്പിക്കേണ്ടതുമാണ്. ലോക്-ഡൗൺ നിബന്ധനകൾ ലംഘിച്ചതിന് വിവിധ സ്റ്റേഷൻ പരിധികളിലായി 65 പേർക്കെതിരെ 50 കേസുകൾ രജിസ്റ്റർ ചെയ്യുകയും 26 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു.മാസ്ക് ധരിക്കാതെ പൊതു സ്ഥലങ്ങളിൽ സഞ്ചരിച്ചതിന് 83 പേർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തു. കൊവിഡ് -19 വ്യാപനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഹോം, ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിൽ പ്രവേശിപ്പിച്ചിരിക്കുന്നവർ ക്വാറന്റൈൻ ലംഘനം നടത്തുന്നില്ലാ എന്നുറപ്പ് വരുത്താൻ കർശന സുരക്ഷാ സംവിധാനമാണ് പോലീസ് ഒരുക്കിയിരിക്കുന്നത്. ഹോം, ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിൽ കഴിയുന്നവർ താമസ സ്ഥലത്ത് തന്നെ കഴിയേണ്ടതും പൊതുസ്ഥലങ്ങളിൽ സഞ്ചരിക്കുന്നവർ നിർബന്ധമായും മാസ്ക് ധരിക്കേണ്ടതുമാണ്.പോലീസുദ്യോഗസ്ഥരോടൊപ്പം പോലീസ് വോളന്റിയേഴ്സിനേയും നിരീക്ഷണത്തിനും പരിശോധനക്കുമായി നിയോഗിച്ചിട്ടുണ്ട്.പൊതുസ്ഥലങ്ങളിൽ മാസ്ക് ധരിക്കാതെ പുറത്തിറങ്ങുന്നവരെ കണ്ടെത്തുന്നതിനായി സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ സേവനവും ഏർപ്പെടുത്തിയിട്ടുണ്ട്.